**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **14-02-2024 - ൽ മറുപടിയ്ക്ക്**

**തണ്ണീർ കൊമ്പൻ ചരിഞ്ഞ സംഭവത്തിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടിയിൽ മയക്കുവെടി വച്ച് പിടികൂടിയ തണ്ണീർ കൊമ്പൻ ചരിഞ്ഞ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | മാനന്തവാടി ഭാഗത്ത് 02.02.2024 തീയതിയിൽ ജനവാസ മേഖലയിൽ എത്തിയ റേഡിയോ കോളർ ഘടിപ്പിച്ച കാട്ടാന ചരിയാൻ ഇടയായ സാഹചര്യങ്ങൾ പരിശോധിക്കുന്നതിനായി സ.ഉ.(സാധാ)നം: 62/2024/വനം തീയതി 03.02.2024 പ്രകാരം, ഒരു 5 അംഗ വിദഗ്ദസമിതി രൂപീകരിക്കുകയും, സമിതി അംഗങ്ങൾ സംഭവസ്ഥലങ്ങൾ സന്ദർശിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥൻമാരോടും ജനപ്രതിനിധികളോടും നാട്ടുകാരോടും കർണ്ണാടക സംസ്ഥാന വനം വകുപ്പ് ഉദ്യോഗസ്ഥൻമാരോടും സംഭവത്തെ കുറിച്ച് നേരിട്ട് അന്വേഷണം നടത്തിവരികയാണ്. അന്വേഷണത്തിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയുമാണ്. |
| (ബി) | പിടികൂടുന്ന സന്ദർഭത്തിൽ ആനയ്ക്ക് എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പിടികൂടുന്നതിന് മുൻപ് ആനയുടെ പിൻ കാലിന് മുകളിൽ വലിയൊരു മുഴ മാത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും കണ്ടിരുന്നില്ല. പിടികൂടിയ ശേഷം വിശദമായി പരിശോധിച്ചതിൽ പെനിസ് ഷീൽഡിൽ പഴക്കം ചെന്ന ആഴമുള്ള ഒരു മുറിവുള്ളതായും ചെറിയ മറ്റു മുറിവുകൾ പുറത്തുള്ളതായും കണ്ടെത്തുകയുണ്ടായി. |
| (സി) | ആനയെ പിടികൂടുന്ന നടപടിയിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ആനയെ പിടികൂടുന്ന നടപടിയിൽ വീഴ്ച വന്നിട്ടില്ല. നിലവിലെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചാണ് ആനയെ പിടികൂടിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ